LAB - 7.5.17
Vol. II

# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1601 — 03.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

സി. എച്ച്.സിയെ ഐ.പി.എച്ച് സ്റ്റാൻഡേർഡിലേക്ക് അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പദ്ധതി

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഒരു ബ്ലോക്കിൽ ഒരു സി.എച്ച്.സി യെങ്കിലും ഐ.പി.എച്ച് സ്റ്റാൻഡേർഡിലേക്ക് സ്റ്റാഫ് സ്ട്രെംഗ്ത് നൽകി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കുറഞ്ഞത് ഒരു നിയോജകമണ്ഡലത്തിൽ ഒരു സി.എച്ച്.സി യെങ്കിലും അത്തരത്തിൽ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ആരോഗ്യ വകുപ്പിൽ വിവിധ വിഭാഗം സ്ഥാപനങ്ങളിൽ നിശ്ചിത സൗകര്യങ്ങളോടെ പ്രവർത്തനങ്ങൾ ക്രമീകരിക്കാനായി തയ്യാറാക്കിയിട്ടുള്ള സ്റ്റാന്റഡൈസേഷൻ പ്രൊപ്പോസലിൽ ഒരു വികസന ബ്ലോക്കിൽ മാനദണ്ഡങ്ങളനുസരിച്ചുള്ള സൗകര്യങ്ങൾ ഉള്ള ഒരു സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | സി.എച്ച്.സി കളുടെ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നത് ഒരു നിയോജകമണ്ഡലത്തിൽ ഒരെണ്ണം എങ്കിലും പരിഗണിക്കുന്നുവെങ്കിൽ അരൂക്കുറ്റി ആശുപത്രിയെ ഈ നിലയിൽ പരിഗണിക്കുമോ; | (ബി) | ബ്ലോക്ക് തല സി.എച്ച്.സികളുടെ ലിസ്റ്റിൽ അരൂക്കുറ്റി സി.എച്ച്.സി-യും ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | 7+ 1 = 8 എന്ന നിലയിൽ ഡോക്ടർമാരുടെ സ്ട്രെംഗ്ത് വർദ്ധിപ്പിച്ച് അരൂക്കുറ്റി ആശുപത്രിയിൽ 24 മണിക്കൂറും സേവനം ലഭ്യമാക്കണമെന്ന ആലപ്പുഴ ഡി.എം.ഒ യുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ആയതിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; ഇല്ലെങ്കിൽ അടിയന്തര പ്രാധാന്യത്തോടെ തീരുമാനം കൈക്കൊള്ളുമോ? | (സി) | ആർദ്രം മാനദണ്ഡമനുസരിച്ച് 9 ഡോക്ടർമാരുടെ തസ്തികയാണ് ടി സി.എച്ച്.സി-യിൽ ആവശ്യമായിട്ടുള്ളത്. നിലവിൽ 4 ഡോക്ടർമാരുടെ തസ്തികയുണ്ട്. (അസിസ്റ്റന്റ് സർജൻ-3, സിവിൽ സർജൻ-1) അധികമായി 5 ഡോക്ടർമാരുടേതടക്കമുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ